# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 312** — **20/06/2019-ൽ മറുപടിക്ക്**

**ഐ.ടി വ്യവസായ കേന്ദ്രങ്ങളുടെ വികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>,, എം. സ്വരാജ്<br>,, ഐ.ബി. സതീഷ്<br>,, എ. എൻ. ഷംസീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | വിവരസാങ്കേതികവിദ്യാ വ്യവസായവികസനത്തിന് സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) | • വിവര സാങ്കേതിക വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും, മറ്റ് അനുബന്ധ മേഖലകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര വ്യവസായ വികസനം ലക്ഷ്യമാക്കി വിവരസാങ്കേതിക വിദ്യാ നയം രൂപീകരിച്ചു.<br>• സംസ്ഥാന ഐ.ടി മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേക്ക് കൊണ്ടു വരുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി രൂപീകരിച്ച ഹൈപവർ ഐ.ടി ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ മുഖേന വൻകിട വിദേശ കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്.<br>• ഹൈപവർ ഐ.ടി ഉപദേശക സമിതിയുടെ നിർദ്ദേശമനുസരിച്ച് രണ്ടു കൊല്ലത്തിൽ ഒരിക്കൽ കേരളത്തിൽ വെച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ നടത്താനുള്ള തീരുമാനമനുസരിച്ച് ആദ്യത്തെ ആഗോള സമ്മേളനം മാർച്ച് 2018 ൽ |

| | | | |
|---|---|---|---|
| | | | കൊച്ചിയിൽ നടത്തി.<br>• സംസ്ഥാന ഐ.ടി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി "കേരള ഐ.ടി" എന്ന ഒറ്റ ബ്രാൺഡിൽ, ഗവൺമെന്റ് ഐ.ടി പാർക്കുകൾ ഏകീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.<br>• ആഗോളതലത്തിൽ ഐ.ടി അധിഷ്ഠി-തമായുള്ള വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി രൂപീകരിച്ച KSITIL എന്ന കമ്പനി കിഫ്ബിയുമായി സഹകരിച്ച് ഒരു എസ്.പി.വി ആയി ഐ.ടി അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നു.<br>• US, Europe എന്നീ വിദേശ രാജ്യങ്ങളിൽ നടത്തിയ കേരള ഗ്ലോബൽ കണക്ട് റോഡ് ഷോകൾ, IT എക്സ്പോകൾ, GITEX Dubai, Mobile World Congress- ബാർസ്സിലോണ, CeBIT – Germany തുടങ്ങിയ അന്താരാഷ്ട്ര ഐ.ടി സമ്മേളനങ്ങളിലെ പങ്കാളിത്തം.<br>• വൻകിട വിദേശ ഐ.ടി സംരംഭ പദ്ധതികൾക്ക് മറ്റ് ഇതര സംസ്ഥാനങ്ങളിൽ നൽകി വരുന്ന ഇളവുകൾ ഇവിടേയും നൽകുന്നതിനു വേണ്ടിയുള്ള ഇടപെടലുകൾ നടത്തുകയും ആവശ്യമായ ഇളവുകൾ നൽകി കമ്പനികളെ ഇവിടേക്ക് കൊണ്ടു വരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | • ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും. |
| ബി) | അടുത്ത രണ്ടു വർഷത്തിനുള്ളിൽ രണ്ടര കോടി ചതുരശ്ര അടിയിലധികം ഐ.ടി. സ്പേസ് വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | | അടുത്ത രണ്ടു വർഷത്തിനുള്ളിൽ ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ ഗവൺമെന്റ് നേരിട്ടും പാർക്കുകളിൽ സ്വകാര്യ സംരഭകർ മുഖേനയും ഏകദേശം 89.83 ലക്ഷം ചതുരശ്ര അടി ഐ.ടി സ്പെയിസ് താഴെപ്പറയുന്ന തരത്തിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു.<br>ടെക്നോപാർക്ക് – 74 ലക്ഷം ചതുരശ്ര അടി<br>ഇൻഫോപാർക്ക് – 15.33 ലക്ഷം ചതുരശ്ര അടി<br>സൈബർപാർക്ക് – 50000 ചതുരശ്ര അടി. |
| സി) | ടെക്നോപാർക്ക്, ടെക്നോസിറ്റി, ഇൻഫോപാർക്ക്, സൈബർ പാർക്ക് മുതലായ ഐ.ടി വ്യവസായ കേന്ദ്രങ്ങളുടെ വികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | സി) | ഐ.ടി മേഖലയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളെല്ലാം ഘട്ടംഘട്ടമായി നടപ്പാക്കുന്നവയാണ്. സംസ്ഥാന ഐ.ടി പാർക്കുകളിൽ പുതുതായും തുടർ പദ്ധതികളായും നടപ്പിലാക്കിവരുന്ന പ്രധാന അടിസ്ഥാന വികസന സൗകര്യ പ്രവർത്തനങ്ങൾ.<br>• ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവയുടെ വിവിധ വികസന ഘട്ടങ്ങളിലായി പാർക്കുകൾ നേരിട്ടും ഉപസംരംഭകർ വഴിയും ഐ.ടി/ഐ.ടി.ഇ.എസ് |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾക്ക് നികുതി ഇളവുകളുള്ള പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ആവശ്യമായ ഭൂമി, കെട്ടിട സൗകര്യങ്ങൾ, പൂർണ്ണമായും ഫർണിഷ് ചെയ്ത പ്ലഗ് ആന്റ് പ്ലേ മോഡലിലുള്ള ബിസിനസ് ഓഫീസുകൾ എന്നിവ ലഭ്യമാക്കുന്നു.<br>• ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായ-ങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളി-ലുൾപ്പെട്ട മികച്ച കണക്ടിവിറ്റി, ജലം, വൈദ്യുതി, തുടങ്ങിയവയ്ക്കുള്ള സംഭരണ-വിതരണങ്ങൾ (സബ്സ്റ്റേഷനുകൾ), കാമ്പസിനുള്ളിലുള്ള റോഡുകൾ/ ഗതാഗത സൗകര്യങ്ങൾ, ഇന്റർനെറ്റ്-കണക്ടിവിറ്റി ഉൾപ്പെടെയുള്ള അനുബന്ധ സജ്ജീകരണങ്ങൾ എന്നിവയും ഐ.ടി. പാർക്കുകളിൽ നടപ്പിലാക്കിവരുന്നു.<br>• സംസ്ഥാന ഐ.ടി പാർക്കുകളിൽ വൻകിട പദ്ധതികളായി ടോറസ്, നിസ്സാൻ, ടെറാനറ്റ്, റാക്ക് ബാങ്ക് തുടങ്ങിയ കമ്പനികൾ ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. ടോറസ് ഗ്രൂപ്പിന്റെ ഐ.ടി സംരംഭങ്ങൾക്കായുള്ള 10 ഏക്കർ (SEZ) ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ ബ്രിഗേഡ്, ലുലു ഗ്രൂപ്പ്, ട്രാൻസ് ഏഷ്യ കാർണിവെൽ, അപ്പോളിസ് തുടങ്ങിയ കമ്പനികൾ കോ-ഡവലപ്പർമാരായി അടിസ്ഥാന സൗകര്യ വികസനങ്ങളൊരുക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പതിനയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധ്യമാകുന്ന ടെക്നോസിറ്റിയിലെ വേൾഡ് ട്രേഡ് സെന്റർ നിർമ്മാണത്തിന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഡി) | ഉണ്ട്. ഏകദേശം പതിനയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധ്യമാകുന്ന വേൾഡ് ട്രേയിഡ് സെന്റർ പദ്ധതിക്കായി ടെക്നോസിറ്റിയിൽ 12.87 ഏക്കർ ഭൂമി നൽകുന്നതിന് ടെക്നോപാർക്കും ബ്രിഗേഡ് ഗ്രൂപ്പുമായി ധാരണാ പത്രം ഒപ്പ് വെച്ചിട്ടുണ്ട്. |
| ഇ) | ഐ.ടി. രംഗത്തെ വികസനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ? | ഇ) | ഐ.ടി രംഗത്തെ വികസനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹബ്ബ് & സ്പോക്ക് മാതൃകയിൽ പ്രധാന പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവ കേന്ദ്രീകരിച്ച് ഐ.ടി ഉപപാർക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചത്. തിരുവനന്തപുരം ടെക്നോപാർക്ക് കേന്ദ്രമാക്കി കൊല്ലം ജില്ലയിൽ കുണ്ടറ, ഇൻഫോപാർക്ക് കേന്ദ്രീകരിച്ച് ചേർത്തല, ആലപ്പുഴ, കൊരട്ടി എന്നീ സ്ഥലങ്ങളിൽ ഐ.ടി പാർക്കുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.<br>ഐ.ടി വികസനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി "ലാൻഡ് ബാങ്ക്" രൂപീകരിച്ച് ഐ.ടി, ഐ.ടി അനുബന്ധ പ്രവർത്തനങ്ങൾ നടത്താൻ ആലോചിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**